# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3682

17-10-2011-ൽ മറുപടിയ്ക്ക്

## കല്ലട ഇറിഗേഷൻ പദ്ധതി

| ചോദ്യം : ശ്രീ.മുല്ലക്കര രത്നാകരൻ | ഉത്തരം: ശ്രീ.പി.ജെ.ജോസഫ് ( ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) കല്ലട ഇറിഗേഷൻ പദ്ധതിയുടെ ആകെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു; പദ്ധതി പൂർത്തീകരിച്ചപ്പോൾ എന്ത് തുക ചെലവായി; | (എ) 1961-ൽ ആരംഭിച്ച കല്ലട ഇറിഗേഷൻ പദ്ധതിക്ക് അന്ന് അനുവദിച്ച ഭരണാനുമതി 13.28 കോടി രൂപയുള്ളതായിരുന്നു. 2004 മാർച്ച് മാസത്തിൽ കല്ലട ജലസേചന പദ്ധതി പൂർത്തീകരിക്കപ്പെട്ട പദ്ധതിയായി പ്രഖ്യാപിച്ചത് വരെ 673.8 കോടി രൂപ ചെലവായി. |
| (ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ലക്ഷ്യം എന്തായിരുന്നു; ലക്ഷ്യം പൂർണ്ണമായും സാക്ഷാത്കരിക്കുകയുണ്ടായിട്ടുണ്ടോ; | (ബി) കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലായി 61630 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ഏതാനും വിതരണികൾ നിർമ്മിക്കേണ്ടതില്ല എന്ന് തീരുമാനിച്ചതോടെ പദ്ധതിയുടെ വിതവിസ്തൃതി 53514 ഹെക്ടർ ആയി ചുരുങ്ങി. ഇപ്പോൾ 52523 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഒരുക്കുന്നു. |
| (സി) ഇപ്പോൾ എത്ര സ്ഥലങ്ങളിലാണ് കനാലുകൾ മുഖേന ജലസേചനം നിർവ്വഹിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലായി 86 വില്ലേജുകളിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ